**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1421** 11-06-2019 -ൽ മറുപടിക്ക്

**പ്രളയം മൂലമുണ്ടായ നാശനഷ്ടം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.സി ജോർജ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയം മൂലം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടത്തിന്റെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 408 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. 1.5 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ഉരുൾപൊട്ടലിൽ 5 പേർ മരണമടഞ്ഞിട്ടുണ്ട്. 8,32,46,167/- രൂപയുടെ കൃഷി നാശവും മൃഗ സംരക്ഷണ മേഖലയിൽ 69,200/- രൂപയുടെ നാശനഷ്ടവും ഉണ്ടായിട്ടുണ്ട്. |
| ബി) | നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം എത്ര പേർക്ക് നൽകിയിട്ടുണ്ട്; ആർക്കൊക്കെ; കണക്കുകൾ ലഭ്യമാക്കാമോ; | ബി) | വീടുകൾക്കുണ്ടായ നാശനഷ്ടത്തിന് 403 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഉരുൾപൊട്ടലിൽ മരണമടഞ്ഞ 5 പേരിൽ 4 പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. മരണമടഞ്ഞവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1.റോസമ്മ, പള്ളിപ്പറമ്പിൽ, തീക്കോയി, മീനച്ചിൽ<br>2. മോളി, പള്ളിപ്പറമ്പിൽ, തീക്കോയി, മീനച്ചിൽ<br>3. അൽഫോൻസ, പള്ളിപ്പറമ്പിൽ, തീക്കോയി, മീനച്ചിൽ<br>4. ടിന്റു, പള്ളിപ്പറമ്പിൽ, തീക്കോയി, മീനച്ചിൽ<br>5. ജോബി മാത്യു കണിയാം പടിക്കൽ, പിന്നക്കനാട്, തീക്കോയി, മീനച്ചൽ |

| | | | |
|---|---|---|---|
| | | | പ്രളയബാധിതരായ 436 കർഷകർക്ക് 23,77,140/- രൂപ നൽകിയിട്ടുണ്ട്.<br>മൃഗ സംരക്ഷണ മേഖലയിൽ ഉണ്ടായ നഷ്ടത്തിന് 7 പേർക്ക് 69,200 രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. അവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ബിജു കെ.ആർ , കാവുങ്കൽ, എരുമേലി - 2100/-<br>2. സാബു.വി.പി, വട്ടമറ്റത്തിൽ, പഴയടം, എരുമേലി - 5000/-<br>3. തോമസ് സെബാസ്റ്റ്യൻ, കലാപറമ്പിൽ കനമല പി.ഒ, പാമ്പാവാലി - 5000/-<br>4. എ.എസ്. സോമരാജൻ, ആറ്റുവേലിൽ, പൂഞ്ഞാർ സൗത്ത് - 5000/-<br>5. ഷിബു. കെ.കെ, കളത്തുങ്കൽ പറത്താനം - 30000/-<br>6. റോസിലി റോബിൻ, കാവുംപുറത്ത്, കുവുംപുറത്ത്, കുവപ്പള്ളി - 20000/-<br>7. കെ.കെ. വേലായുധൻ, കൊല്ലപ്പറമ്പിൽ - 2100/- |
| സി) | എത്ര പേർക്ക് ഇനിയും നഷ്ടപരിഹാരം നൽകുവാനുണ്ടെന്ന കണക്കുകൾ ലഭ്യമാക്കുമോ? | സി) | വീടിന് നാശനഷ്ടം സംഭവിച്ചവരിൽ അപ്പീലുൾപ്പെടെ 5 പേർക്ക് ധനസഹായം വിതരണം ചെയ്യാനുള്ള നടപടി പൂർത്തിയായി വരുന്നു. ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞ കണിയാം പടിയ്ക്കൽ വീട്ടിലെ ജോബിയുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ